Minister for Finance and Revenue (**Sri. A. J. John**): (*a*) Yes.

(*b*) The matter is under consideration.

(*c*) Yes.

ശ്രീ. പോൾ തളിയത്ത്: കഴിയുന്നതും വേഗത്തിൽ ഇതിനെസംബന്ധിച്ച് ഒരവസാനതീരുമാനം ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങിനെതന്നെയാണ് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്.

POLICE ASSAULT IN LOCK-UPs

*932. [22] **Sri. Paul Thaliath**: Will the Hon'ble Chief Minister be pleased to state.—

(*a*) whether the Government have received representations alleging police assault on lock-up prisoners;

(*b*) if so whether the Government have noticed that such cases are on the increase now;

(*c*) if the answer to (b) is the affirmative whether the Government have enquired into the reasons for the same; and

(*d*) if so whether such assault are due to the inefficient administration of the department?

Chief Minister (**Sri. T. K. Narayana Pillai**):

(*a*) Yes.

(*b*) No.

(*c*) & (*d*) do not arise in view of the answer to (b).

ശ്രീ. പോൾ തളിയത്ത്: മുമ്പിലത്തേക്കാൾ ഇപ്പോൾ പോലീസ് മർദ്ദനങ്ങൾകുടിയിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ, കൂടിയിട്ടില്ലെന്നതന്നെയാണു പറയുന്നതു്.

ശ്രീ. പോൾ തളിയത്ത്: അതുസംബന്ധിച്ചു സമിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ട അതിനെ ആസ്പദമാക്കിയാണോ ഇങ്ങനെ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ, കണക്കുകൾ വെച്ചുകൊണ്ടുതന്നെയാണ് പറയുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: പോലീസ് മർദ്ദനങ്ങളെപ്പറ്റിയുള്ള പരാതികളുടെ കൂടുതൽകൊണ്ടു് അതിനെസംബന്ധിച്ചു സംസ്ഥാനമൊട്ടാകെ ഒരന്വേഷണം നടത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പരാതികൾ കിട്ടുമ്പോഴെല്ലാം അന്വേഷണം നടത്താറുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: പരാതി കിട്ടുമ്പോൾ അതിനെസംബന്ധിച്ചുമാത്രം അന്വേഷിക്കുന്നതിനെപ്പറ്റിയല്ല ഞാൻ ചോദിക്കുന്നതു്. ഇപ്പോൾ ഇതുസംബന്ധിച്ചു ധാരാളം പരാതികളുള്ളതുകൊണ്ടു് പൊതുവായ ഒരു അന്വേഷണം നടത്തുവാൻ ഏർപ്പാടുചെയ്യുമോ എന്നാണു് ചോദിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പരാതികിട്ടുമ്പോൾ അന്വേഷിക്കുവാനാണു് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്. അല്ലാതെ പൊതുവായ ഒരു അന്വേഷണം ആവശ്യമാണെന്നു തോന്നുന്നില്ല.

ശ്രീ. പി. എം വർഗ്ഗീസ്: പോലീസ് മർദ്ദനം കൂടിയിട്ടില്ലെന്നു പറഞ്ഞു. എന്നാൽ വളരെ കുറഞ്ഞിട്ടുണ്ടെന്നു ഗവൺമെണ്ടിനു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: കുറഞ്ഞിട്ടുണ്ടെന്നാണ് ഗവണ്മെണ്ടിന്റെ യും അറിവ്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: കൂടുതൽ പോലീസ് മർദ്ദനങ്ങൾ നട ത്തുവാൻ ഭയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ബഹുമാനപ്പെട്ട മെമ്പറെസംബന്ധിച്ചി ടത്തോളം അതാവശ്യമാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

സുരേന്ദ്രന്റെ മരണം

*൯൫൪. (൨൩) സഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കോട്ടാത്തല സുരേന്ദ്രൻ എന്നൊരാൾ കൊട്ടാരക്കര താലൂക്കിൽ വച്ച് മൃതിയടഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു കാരണത്തിന്മേൽ മൃതിപ്പെട്ട എന്നു ഗവണ്മെ ണ്ട് അന്വേഷിക്കേണ്ടതായി വന്നിട്ടുണ്ടോ;

(സി) അന്വേഷിച്ചിട്ടുണ്ടെങ്കിൽ അതിൽനിന്നും കിട്ടിയ വിവരങ്ങൾ എന്തെല്ലാമാണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള).

ഈ ചോദ്യത്തിനു് ഇതിനുമുമ്പ് പലപ്രാവശ്യവും ഉത്തരം പറഞ്ഞിട്ടുണ്ട്.

സാഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞ്: ഇതിനെസംബന്ധിച്ച് ഒരു പരസ്യാന്വേഷണം നടത്തുന്നതാണെന്നു പറഞ്ഞിട്ടുണ്ട്. അതു് എന്നു മുതൽ തീക്കുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെസംബന്ധിച്ചു ഗവണ്മെണ്ടിൽ നിന്നും ഒരു പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ള വിവ രങ്ങൾ പത്രം വായിക്കുന്നവർക്കെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നതു്.

സാഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞ്: അടുത്ത തെരഞ്ഞെടുപ്പിനു മുമ്പ് അതു് നടത്തുമോ?

Mr. Speaker: That is a request for action.

PORAMBOKE AND PUTHUVAL LANDS

***935.** [24] **Sri. Eapen Arakkal:** Will the Hon'ble Minister for Finance and Revenue be pleased to state:—

(*a*) whether poramboke and puthuval lands could be registered in the names of private individuals on application;

(*b*) can such registers be effected at present; and

(*c*) if answer to (*b*) is in the negative when was the change in this matter brought about and by whom?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ, ബി) ഇന്നു നിലവിലിരിക്കുന്ന ആക്ടനുസരിച്ച് കൊച്ചിയിൽ ഭൂമി പതിച്ചുകൊടുക്കുന്നതിനു് അവകാശമുണ്ട്.

(സി) തിരുവിതാംകൂറിൽ അങ്ങിനെ പതിച്ചുകൊടുക്കുന്നില്ല. ഭൂമി പതിച്ചുകൊടുക്കാൻ പാടില്ലെന്നു് ൧൯൫൨-ൽ തിരുവിതാംകൂർ ഗവണ്മെണ്ട് ഒരു ഉത്തരവു് പുറപ്പെടുവിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly